ഉത്തരം

(എ ) ഉണ്ട്.

(ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച പഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ജൂസ് പാർലറുകളിൽ പരിശോധന

**32 (697)** ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ ജൂസ് പാർലറുകളിൽ അടുത്തിടെ മിന്നൽ പരിശോധനകളോ റെയ്ഡോ നടത്തിയിട്ടുണ്ടോ ;

(ബി) ജൂസ് തയ്യാറാക്കുന്നതിനുള്ള പദാർത്ഥങ്ങൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാ ഫലം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജൂസ് പാർലറുകളിൽ വിവിധ നാമത്തിൽ വിവിധ രുചികളിൽ വിറ്റഴിക്കുന്ന ജൂസുകളിലെ ചേരുവകളുടെ നിർമ്മാണ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഇവയുടെ നിർമ്മാണ കേന്ദ്രങ്ങളിൽ കൂടെക്കൂടെ പരിശോധന നടത്താനും പരിസരത്തെ ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ ) ഉണ്ട്.

(ബി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാനികരമായിട്ടുള്ളതൊന്നും കണ്ടെത്തിയിട്ടില്ല.

(സി&ഡി) ഇത്തരത്തിലുള്ള നിർമ്മാണ കേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. കർശന നടപടി എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly